ബ്ലോക്കുകളിൽ ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ 960 ബാലവാടികളും അംഗൻവാടികളായി കൺവേർട്ട് ചെയ്യുന്നതിന് നടപടികളും സ്വീകരിക്കുകയുണ്ടായി. പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ വന്നതിനെതുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും തലവൻമാരെയും സെക്രട്ടറിമാരെയും എല്ലാം വിളിച്ച് കോൺഫറൻസ് നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ ഒരു ഗൈഡ്ലൈൻ തന്നെ കൊടുക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ അടിയന്തിരമായി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(10) തേയിലവ്യവസായത്തിലെ പ്രതിസന്ധി

ശ്രീ. കെ. കെ. തോമസ്: സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണ് തേയിലവ്യവസായം. തേയിലയുടെ വില ഇന്ന് അൻപതു ശതമാനം കണ്ട് കുറഞ്ഞിരിക്കുകയാണ്. ഇതുമൂലം തേയില വ്യവസായരംഗത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും ഉണ്ടായിരിക്കുകയാണ്. സംസ്ഥാനത്തെ കമ്പനികളിൽകൂടി 36,000 ഹെക്ററർ സ്ഥലത്ത് തേയിലകൃഷി ചെയ്തുവരുന്നു. അതുപോലെതന്നെ പതിനായിരത്തിൽപരം ചെറുകിട തേയിലകൃഷിക്കാരും ഉണ്ട്. ഇതിനുമുൻപ് തേയില വ്യവസായത്തിന് പ്രതിസന്ധി ഉണ്ടായപ്പോൾ സംസ്ഥാന ഗവൺമെൻറ് ചില ആനുകൂല്യങ്ങളൊക്കെ നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറ് എടുത്ത ചില നയങ്ങൾ മൂലമാണ് തെന്നിന്ത്യയിലെ തേയില വ്യവസായത്തിന് ഇപ്പോൾ സംഭവിച്ചിരിക്കുന്ന പ്രതിസന്ധി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു തോട്ടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തേയിലയുടെ 75 ശതമാനവും ഓക്ഷനിൽ വിൽക്കണമെന്നുള്ളതാണ് പുതിയ നയം. ശരിയായ വില കിട്ടിയില്ലെങ്കിൽ ഓക്ഷനിൽനിന്നും പിൻവലിക്കുവാൻ ഉടമകൾക്ക് സ്വാതന്ത്ര്യം ഉണ്ടെങ്കിൽതന്നെയും ഓക്ഷനിൽ തന്നെ വിറ്റഴിക്കണമെന്ന നിർബന്ധം മൂലം ഏറ്റവും കുറഞ്ഞവിലക്ക് വാങ്ങാൻ വ്യവസായികൾ യോജിക്കുന്നു. ഇതുമൂലം ലേലത്തിൽ മത്സരമില്ലാതെ വരുന്നു. ഇത് വില കുറയുന്നതിന് ഒരു കാരണമാകുന്നു. അതുപോലെ തെന്നിന്ത്യയിലെ തേയില, കിഴക്കേ ഇന്ത്യയിലെ തേയിലയേക്കാൾ തരത്തിൽ കുറഞ്ഞതായതുകൊണ്ട് ഒരു പൊതുനയം കേന്ദ്രഗവൺമെൻറ് വ്യാപാരമേഖലയിൽ സ്വീകരിച്ചിരിക്കുന്നതിൻെറ ഫലമായി തെന്നിന്ത്യൻതേയില മാർക്കറ്റിൽ തളളപ്പെടുന്നു. അതുകൊണ്ട് തെന്നിന്ത്യയിലെ തേയിലക്ക് പ്രത്യേക ആനുകൂല്യങ്ങൾ കിട്ടാത്ത സാഹചര്യത്തിൽ സംസ്ഥാനഗവൺമെൻറ് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നമ്മുടെ സംസ്ഥാനത്ത് 36,000 ഹെക്ററർ സ്ഥലത്ത് തേയില കൃഷി ചെയ്യുന്നുണ്ട്. ഒരു ലക്ഷത്തിൽപരം ആളുകൾക്ക് തൊഴിൽ നൽകുന്ന ഒന്നാണ് ഇത്. പക്ഷേ നിർഭാഗ്യവശാൽ 1985 ആരംഭം മുതൽ ഇൻഡ്യയിൽ ആകെ തേയിലക്ക് വിലയിടിവ് സംഭവിച്ചിരിക്കുകയാണ്. ടീ ബോർഡിൻെറ റിപ്പോർട്ടനുസരിച്ച് ഇതിൻെറ കാരണങ്ങളിലൊന്നായി പറയുന്നത് അന്താരാഷ്ട്ര വിപണിയിൽ കുഞ്ഞയിനം തേയില അധികമായി വിതരണം ചെയ്യപ്പെടുന്നുവെന്നതാണ്. ടീ ബോർഡിൻെറ കണക്കനുസരിച്ചുതന്നെ ഈ വർഷം തേയിലയുടെ വിലയിടിവ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിലാകെ 13.99 ശതമാനമാണ്. തെക്കെ ഇൻഡ്യയിൽ അത് 12.5 ശതമാനമാണ്. എന്നാൽ കൊച്ചിയിലെ ലോഡിൽ നമുക്കു കാണാൻകഴിഞ്ഞത് 10 ശതമാനത്തിൽ താഴെ മാത്രമാണ് വിലയിടിവ് എന്നാണ്. അപ്പോഴും പൊതുവിൽ നോക്കിയാൽ വളരെ നിർഭാഗ്യകര മാണെങ്കിലും കേരളത്തിൽ താരതമ്യേന കുറവാണ്. ഇൻഡ്യയിലൊ ട്ടാകെ തേയിലയ്ക്ക് നേരിട്ടിട്ടുള്ള വിലയിടിവ് കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നാണ് സംസ്ഥാനഗവൺമെൻറ് മനസ്സിലാക്കു ന്നത്. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി 1985 ആഗസ്റ്റ് 12 മുതൽ തേയിലയുടെ മിനിമം കയറ്റുമതിവില എടുത്തുകളഞ്ഞു വെന്ന് ടീ ബോർഡുതന്നെ സംസ്ഥാനഗവൺമെൻറിനെ അറിയിച്ചിരി ക്കുകയാണ്. കേരളപ്ലാന്റേഷൻ അസ്സോസിയേഷൻ അറിയിച്ചി ട്ടുള്ളത്, തേയിലയുടെ വിലയിടിയാനുള്ളകാരണം കയറ്റുമതിയിൽ കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ള ചില നിയന്ത്രണങ്ങളാണ് എന്നാണ്. എന്തായാലും ഈ പ്രശ്നങ്ങളെല്ലാം സംസ്ഥാനഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

(11) പരിയാരം പഞ്ചായത്തിൽ പോത്തിറച്ചി സംസ്കരണ കേന്ദ്രം

ശ്രീ. കെ. ജെ. ജോർജ്: സർ, ചാലക്കുടി നിയോജകമണ്ഡല ത്തിൽ പരിയാരം വില്ലേജിൽ ഒരു പോത്തിറച്ചി സംസ്കരണ കേന്ദ്രം തുടങ്ങാൻ നാലഞ്ചുവർഷങ്ങൾക്കുമുമ്പ് തീരുമാനിക്കുകയുണ്ടായി. അതിനുവേണ്ടി ഒരു വിദേശ എക്സ്പർട്ടിനെ കൊണ്ടുവന്ന് വിവിധ സ്ഥലങ്ങൾ പരിശോധിക്കുകയും ഏറ്റവും നല്ല സ്ഥലമെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിയാരം വില്ലേജ് തിരഞ്ഞെടു ക്കുകയും ചെയ്തു. പക്ഷേ നാലരക്കോടി രൂപ മുതൽമുടക്കുവരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുകയും സ്ഥലം എടുക്കുവാൻ തീരുമാനമെടുക്കുകയും സ്ഥലമെടുപ്പ് പൂർത്തിയിൽ എത്തുകയും. ചെയ്ത സന്ദർഭത്തിൽ ആ കമ്പനി അവിടെനിന്നും മറ്റൊരു സ്ഥല ത്തേക്ക് മാറ്റിക്കൊണ്ടുപോകാനുള്ള ഒരു ഗൂഢാലോചന നടക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. അങ്ങനെയുള്ള ചില പ്രവർത്തനങ്ങളെ സംബന്ധിച്ച് കേൾക്കുന്നു. അതുകൊണ്ട് അവിടുത്തെ ജനങ്ങൾക്ക് വളരെയധികം ഭീതിയുണ്ട്. മറ്റൊരു തൊഴിലവസരം ഇല്ലാത്ത സ്ഥിതിയുണ്ട്. അങ്ങനെയുള്ള ഒരു സ്ഥലത്തുനിന്നും സമീപ പ്രദേശമായ മാളയിലേക്ക് കൊണ്ടുപോകുന്നതിന്റെ പിന്നിലുള്ള വികാരമെന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഏറ്റവും അനുകൂലമായ പ്രദേശമായ പരിയാരം വില്ലേജിൽത്തന്നെ ആ കമ്പനി സ്ഥാപിക്കുകയും നാലരക്കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ അവിടെ സംഘടിപ്പിക്കു കയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, കയറ്റു മതിക്ക് ഉപയോഗിക്കാവുന്ന പോത്തിറച്ചി സംസ്കരിക്കുന്നതിനു വേണ്ടി ഒരു യൂണിറ്റ് സ്ഥാപിക്കുവാനുള്ള വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ഒരു ഡാനിഷ് കമ്പനി ഉണ്ടാക്കിയതിനെ തുടർന്ന്, ഒരു കമ്പനിൽ എത്തുകയുണ്ടായി. ഇതിന് ആറ് ഹെക്ടർ സ്ഥലം എടുത്തുകഴിഞ്ഞു. സ്ഥലമെടുപ്പുനടപടികളും പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly